കൂടാതെ ഒമ്പതാം പദ്ധതിക്കാലയളവിൽ കേന്ദ്ര സംസ്ഥാന മേഖലകളുടേതായി 52,000 കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത് യാഥാർത്ഥ്യമാകുന്നതോടുകൂടി കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്നലെ (6.7.99ന്) ഞാൻ പി.എസ്.സി. ചെയർമാനും, കമ്മിഷൻ അംഗങ്ങളുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ, പി.എസ്.സി.യുടെ പരിഗണനയ്ക്കുവിധേയമായി അവശേഷിക്കുന്ന 71 ലക്ഷം അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിലേക്ക് അധിക സ്റ്റാഫിനെ അനുവദിക്കുന്നതിനും, അപേക്ഷാഫോറം ഏകീകരിച്ച് ലളിതമാക്കുന്നതിനും, ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമാക്കുന്നതിനും കമ്പ്യൂട്ടറൈസേഷന്റെ ചുമതല കെൽട്രോണിനെ ഏൽപ്പിക്കുന്നതിനും, പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന പുതിയ കെട്ടിടം എത്രയുംവേഗം കമ്മിഷനു കൈമാറുന്നതിനുമുള്ള ധാരണയായിട്ടുണ്ട്.

ശ്രീ. എം.വി. ജയരാജൻ : മൂന്നുമാസം കൂടുമ്പോൾ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ സർക്കുലർ വഴി കർശനമായി ഡിപ്പാർട്ടുമെന്റ് തലവന്മാരെ അറിയിച്ചിട്ടുണ്ട്. ഇതിൽ വീഴ്ചയുണ്ടാകുന്നുവെന്നുള്ളതാണ് ആക്ഷേപം. അതുകൊണ്ട് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികളുടെമേൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതോടൊപ്പം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മോണിറ്റർ ചെയ്യാൻ യുവജനസംഘടനാ പ്രതിനിധികൾ അടക്കമുള്ള കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർമാരടക്കമുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കാത്ത വകുപ്പുമേധാവികളുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

III. സബ്മിഷൻ

(1) തൃത്താലയിലെ ഖദീജക്കുട്ടി എന്ന സ്ത്രീയുടെ മക്കൾക്ക് ഇൻഡ്യൻ പൗരത്വം നൽകണമെന്ന ആവശ്യം

[10 a.m.] ശ്രീ. വി.കെ. ചന്ദ്രൻ : സർ, പാലക്കാട് ജില്ലയിൽ തിരുമിറ്റക്കോട് പഞ്ചായത്തിൽ നെല്ലിക്കാട്ടിരി കതിരക്കോട്ടിൽ മമ്മിയുടെ മകളായ ഖദീജക്കുട്ടിയെ 1978-ൽ തൃശ്ശൂരിലെ ഒരു ബ്രോക്കർ മുഖാന്തിരം അറബിയാണെന്ന് പറയപ്പെടുന്ന മുഹമ്മദ് അബ്ബാസിന് വിവാഹം ചെയ്തുകൊടുത്തു. വിവാഹത്തിനുശേഷം അബുദാബിയിൽ എത്തിയപ്പോഴാണ് ഖദീജക്കുട്ടി വളരെ വലിയ വഞ്ചനയിലാണ് താൻ അകപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലായത്. അറബിയാണെന്ന് പറഞ്ഞ മുഹമ്മദ് അബ്ബാസ് ഇറാൻകാരനാണെന്നും അദ്ദേഹത്തിന് ഖദീജക്കുട്ടി കൂടാതെ മൂന്ന് ഭാര്യമാരും മക്കളും ഉണ്ടെന്നും ഇയാൾ ഒരു അറബിയുടെ വേലക്കാരനാണെന്നും ഇയാൾ തന്നെ വഞ്ചിക്കുകയായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നുവെന്നും ഖദീജക്കുട്ടി തിരിച്ചറിഞ്ഞത്. ഖദീജക്കുട്ടിക്ക് 5 കുട്ടികളുണ്ട്. അഞ്ചു കുട്ടികൾക്കും എവിടെയും പൗരത്വമില്ല; പൗരത്വം എടുക്കുന്നതിന് മുഹമ്മദ് അബ്ബാസ് തയ്യാറായില്ല. അതിന്റെ ഫലമായി കുട്ടികൾക്ക് പഠിക്കാനോ വിസ സമ്പാദിക്കാനോ കഴിഞ്ഞില്ല. ഖദീജക്കുട്ടിയുടെ വിസയുടെ കാലാവധി തീർന്നിട്ടും വിസ പുതുക്കുന്നതിനുവേണ്ടി മുഹമ്മദ് അബ്ബാസ് തയ്യാറായില്ല. ഖദീജക്കുട്ടിയുടെ പ്രായപൂർത്തിയാകുന്ന പെൺമക്കളെ വിൽക്കാനായിരുന്നു അബ്ബാസിന്റെ ശ്രമം. ഇതിനെ ഖദീജക്കുട്ടി എതിർത്തപ്പോൾ അബ്ബാസ് ഖദീജക്കുട്ടിയേയും കുട്ടികളെയും പട്ടിണിക്ക് ഇടാനും പീഡിപ്പിക്കാനും തുടങ്ങി. നാട്ടിലേക്ക് മടങ്ങാൻ വിസയില്ലാതെ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ടതിന്റെ ഭാഗമായി അവർക്ക് ഔട്ട് പാസ്സ് കിട്ടി; ഇൻഡ്യൻ ഇസ്ലാമിക് സെന്ററും, അബുദാബി മലയാളി സമാജവും, കേരള സോഷ്യൽ സെന്ററും ഖദീജക്കുട്ടിയെ നാട്ടിലെത്തിക്കാൻ സഹായിച്ചു. ആരും സഹായമില്ലാത്ത ഖദീജക്കുട്ടിയും മക്കളും അകന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെയാണ് കഴിയുന്നത്. മക്കൾക്ക് തന്റെ ജന്മഭൂമിയിൽ പൗരത്വം കിട്ടാനും, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുംവേണ്ടി ഖദീജക്കുട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അശരണയായ ഖദീജക്കുട്ടിയെയും കുടുംബത്തെയും രക്ഷിക്കാനും കുട്ടികൾക്ക് പൗരത്വം ലഭിക്കാനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് തിരുമിറ്റക്കോട് നെല്ലിക്കാട്ടിരി കതിരക്കോട്ടിൽ മമ്മി മകൾ ഖദീജക്കുട്ടിയെ ഇറാൻകാരനായ അബ്ദുൾ മുഹമ്മദ് അബ്ബാസ് വിവാഹം കഴിച്ച് 1980-ൽ ജോലിസ്ഥലമായ അബുദാബിയിലേയ്ക്ക് കൊണ്ടുപോയി. 1984-ൽ അവർ രണ്ട് മക്കളോടൊപ്പം നാട്ടിൽ വന്ന സമയം ഇറാൻകാരനായ ഭർത്താവിന്റെ പാസ്പോർട്ടിൽ കുട്ടികളുടെ പേരും ചേർത്തിരുന്നു. വീണ്ടും 1994-ൽ ഖദീജക്കുട്ടി ഒറ്റയ്ക്ക് നാട്ടിൽ വന്ന് മൂന്നുമാസം കഴിഞ്ഞ് മടങ്ങിപ്പോയി. തുടർന്ന് ഖദീജ അവരുടെ അഞ്ചു മക്കളുമൊത്ത് കരിപ്പൂർ വിമാനത്താവളം വഴി 18.5.99-ൽ നാട്ടിൽ വന്നു. അബുദാബിയിലുള്ള ഇൻഡ്യൻ എംബസിയിൽനിന്ന് ലഭിച്ച എമർജൻസി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചാണ് അഞ്ചു കുട്ടികളും ഇൻഡ്യയിൽ വന്നത്. കുട്ടികൾക്ക് 16 വയസ്സുതികയുന്നതുവരെ ഇൻഡ്യയിൽ താമസിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ബന്ധപ്പെട്ട ഫോറിനേഴ്സ് രജിസ്ട്രേഷൻ ആഫീസർമാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികൾക്ക് ഇൻഡ്യൻ പൗരത്വം ലഭിക്കുന്നതിന് 1955-ലെ ഇൻഡ്യൻ പൗരത്വനിയമപ്രകാരമുള്ള അപേക്ഷ സംസ്ഥാന സർക്കാരിന് സമർപ്പിച്ചാൽ, ടി അപേക്ഷ യഥാർഹമായ ശുപാർശയോടുകൂടി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മേൽനടപടിക്കായി അയച്ചുകൊടുക്കുന്നതാണ്.

(2) സ്വാതന്ത്ര്യസമര കാലത്തെ ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വളരെയേറെ സവിശേഷതകൾ നിറഞ്ഞതായിരുന്നു നമ്മുടെ സ്വാതന്ത്ര്യസമരം. നികുതി നിഷേധവും നിസ്സഹകരണവും നിയമലംഘനവും അടക്കമുള്ള നിരവധി സമരമുറകൾ രാഷ്ട്രീയതലത്തിൽ ആവിഷ്കരിച്ചപ്പോൾ സാമൂഹ്യരംഗത്ത് നിർമ്മാണ പ്രവർത്തനങ്ങളുടേതായ ഒരു പുതിയ സമരമുഖം മഹാത്മാഗാന്ധി തുറന്നു. വിഭിന്ന ഭാഷ

LIBRARY ARCHIVES Kerala Legislative Assembly